(സി) വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ 198.09 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സി.ടി.ഇ. പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശ പ്രകാരം പബ്ലിക് ടോയ്ലറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് സി.ടി.ഇ.-യുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. മേൽ പദ്ധതി നടത്തിപ്പിനായി തീരദേശ വികസന കോർപ്പറേഷന് ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ കുടിവെള്ള പദ്ധതിയുടേയും വൈദ്യുതീകരണ പദ്ധതിയുടേയും ഫണ്ട് കേരള വാട്ടർ അതോറിറ്റിക്കും കേരള ഇലക്ട്രിസിറ്റി ബോർഡിനും കൈമാറാൻ സാധിച്ചിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ജീവനോപാധി വിതരണത്തിനായുള്ള അപേക്ഷകൾ വെരിഫിക്കേഷൻ ഘട്ടത്തിലാണ്.

വലിയതുറ കടൽപാലം

95 (4430) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിലെ വലിയതുറ പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ധാരാളം ആളുകൾ ഇപ്പോഴും കടൽ കാണാൻ അതിലൂടെ സഞ്ചരിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു ദുരന്തം ഒഴിവാക്കാൻ, പാലത്തിലേക്കുള്ള പ്രവേശനം തടഞ്ഞ് വേലിയോ ഗേറ്റോ അടിയന്തരമായി സ്ഥാപിക്കുമോ ;

(ഡി) കാലപ്പഴക്കം ചെന്ന എല്ലാ കടൽപ്പാലങ്ങളുടെയും സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പാലം അപകടാവസ്ഥയിലാണെന്ന നോട്ടീസ് പ്രവേശന ഭാഗത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓഫീസ് സമയങ്ങളിൽ പാലം കാണാനെത്തുന്നവരിൽ കഴിയുന്നത്ര ആൾക്കാരോട് മുന്നറിയിപ്പ് നേരിട്ടും നൽകുന്നുണ്ട്. പാലത്തിലേക്കുള്ള പ്രവേശനം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഗേറ്റ് സ്ഥാപിക്കുന്നതിന് ശ്രമിച്ചുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് ആയതിന് സാധിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

വലിയതുറ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാതെ തുറമുഖ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ അനുവദിക്കില്ല എന്ന നിലപാടിലാണ് നാട്ടുകാരിലെ ഒരു വിഭാഗം.

(ഡി) വലിയതുറ കടൽപ്പാലത്തിന്റെ സൈഡ് വാളും ആവശ്യമായിട്ടുള്ള മറ്റ് അറ്റകുറ്റപണികളും ചെയ്യുന്നതിന് 104 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഉടനെ ടെണ്ടർ ക്ഷണിക്കുന്നതാണ്. കേരളത്തിലെ വിവിധ കടൽപ്പാലങ്ങളെ വിനോദ സഞ്ചാരത്തിന്റെ വീക്ഷണകോണിൽ സംരക്ഷിക്കുന്നതിനായി ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴിയുള്ള മരാമത്ത് പണികൾ

96 (4431) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11, 2011-12, 2013-14, 2014-15 വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മരാമത്ത് പണികൾ ഏതെല്ലാമാണ് ; ഓരോന്നിനും നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പണികൾ ഓരോന്നിനും ഓരോവർഷം ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15 വർഷം ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ പേരുവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(സി) വിശദവിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

റോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതി

97 (4432) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly